നം.കെ.എസ്.എ-കെ.ടി.എം.പി12/993/2017 തീയതി : 10.07.2017

# കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.06.2017 മുതൽ 12.06.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സുലത ഡി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ജയകുമാരിയമ്മ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജോർജ്ജുകുട്ടി ജോസഫ് | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഇ.ആർ.സുനിൽകുമാർ | 1.4.16 മുതൽ 31.3.17 വരെ |
| സെക്രട്ടറി | ശ്രീ.അഗസ്റ്റിൻ കെ.ജോർജ്ജ് | 1.4.16 മുതൽ 31.3.17 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി എലിസബത്ത് മാത്യു<br>ശ്രീമതി ബീനാ വർഗ്ഗീസ് | 1.4.16 മുതൽ 01.6.16 വരെ<br>2.6.16 മുതൽ 18.8.16 വരെ<br>19.8.16 മുതൽ 31.3.17വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എം.കെ.ബാബു<br>ശ്രീമതി അനിത എസ്.<br>ശ്രീമതി അമ്പിളി കെ.<br>ശ്രീമതി അനിത എസ്. | 1.4.16 മുതൽ 21.12.16 വരെ<br>22.12.16 മുതൽ 4.1.17 വരെ<br>5.1.17 മുതൽ 1.2.17വരെ<br>1.2.17 മുതൽ 31.3.17 വരെ |
| അസി.എൻജിനീയർ | ശ്രീ.ശരവണേശ്വർ എൽ.ആർ.<br>ശ്രീ.അനീഷ് എസ്.നായർ | 1.4.16 മുതൽ 19.1.17 വരെ<br>19.1.17 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിന്ദു രാജ് | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ | ശ്രീമതി സനമകുമാരി റ്റി.എസ്. | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ | ശ്രീമതി ബിന്ദു പി. | 1.4.16 മുതൽ 31.3.17 വരെ |
| ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ശ്രീമതി റഷീദാ പി.വി. | 1.4.16 മുതൽ 31.3.17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി കെ.ജയലക്ഷ്മി | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ<br>(അലോപ്പതി) | ഡോ.ആൻ ടിന സാം | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.ശ്രീജിത്ത് | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ.ഗീതാ മാത്യു<br>ഡോ.രജിഷ | 1.4.16 മുതൽ 21.1.17 വരെ<br>8.3.17 മുതൽ 31.3.17 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി ബിന്ദുമോൾ<br>(എച്ച്.എം.വെള്ളുത്തുരുത്തി) | 1.4.16 മുതൽ 31.3.17 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1-പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |

| | |
|---|---|
| 1-6 | വാർഷിക പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2-വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷിക ധനകാര്യ പത്രികകളുടെ പരിശോധനയും സാമ്പത്തിക വിശകലനവും |
| 2-2-1 | ജീവനക്കാരുടെ തൊഴിൽനികുതി/സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-2-2 | പനച്ചിക്കാട് റീജിയണൽ സർവ്വീസ് സഹകരണബാങ്കിന്റെ എല്ലാ ശാഖകളിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കുന്നില്ല |
| 2-3 | ഡി & ഒ ലൈസൻസ്-ലൈസൻസ് അപേക്ഷയോടൊപ്പം രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല |
| 2-4-1 | അർഹതയില്ലാത്തവർക്ക് വസ്തുനികുതി ഇളവ് നൽകി |
| 2-4-2 | സർക്കാർ ഉത്തരവിൽ അനുവദിച്ചതിലുമധികം തറവിസ്തീർണ്ണം ഉള്ള കെട്ടിടത്തിന്റെ വസ്തുനികുതി ഒഴിവാക്കി നൽകി |
| 2-4-3 | കെട്ടിടങ്ങളെ വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി |
| 2-5 | വാടക – കുടിശ്ശിക ഈടാക്കിയിട്ടില്ല |
| 2-6 | ഇ-ടെൻഡർ – ടെൻഡർഫീ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല |
| 2-7 | പരസ്യനികുതി--ബൈലോ തയ്യാറാക്കിയിട്ടില്ല |
| | ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല |
| 3-2 | സബ്സിഡി തുക അധികം നൽകി |
| 3-3 | ടാർവില – മാർക്കറ്റ് നിരക്കിലധികരിച്ച് ബി.പി.സി.എൽ കൈപ്പറ്റിയിട്ടുള്ള 40,258 രൂപ തിരികെ ലഭിച്ചിട്ടില്ല |
| 3-4 | എസ്.സി.വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് ലാപ്ടോപ്പ് വാങ്ങൽ – ലാപ്ടോപ്പുകൾ പൂർണ്ണമായും വിതരണം ചെയ്തില്ല |
| 3-5 | സ്വയംതൊഴിൽ ചെയ്യാൻ ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി – വാഹനം വാങ്ങിയതിന്റെ രേഖയില്ല |
| 3-6 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ – രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ |
| 3-7 | ആശ്രയപദ്ധതി – 40,000 രൂപയുടെ ചലഞ്ച്ഫണ്ട് വിഹിതം അഞ്ച് വർഷമായി തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |

| | |
|---|---|
| 3-8 | മരാമത്ത് പ്രവൃത്തികൾക്കുള്ള ടാർ വാങ്ങൽ – സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല |
| 3-9 | ആശ്രയ പ്രോജക്റ്റ് – നിർവ്വഹണം നടത്തിയിട്ടില്ല |
| 3-10 | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ – പ്രോജക്റ്റ് നടപ്പാക്കിയതിൽ അപാകതകൾ |
| 3-11 | വിവിധ പ്രോജക്റ്റുകൾക്കായി ചെലവഴിച്ച രൂപയുടെ ചെലവ് വിവരങ്ങൾ ലഭ്യമായിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-12 | ജലനിധി--ലഘു അവലോകനം |
| | ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം 3 | ഇൻകം അന്റ് എക്സ്പെൻഡീച്ചർ |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.2.16 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അവതരിപ്പിക്കുകയും, 28.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു.

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | കൂടുതൽ | കുറവ് |
|---|---|---|---|---|
| മുന്നിരിപ്പ് | 41,06,283 | 2,48,57,381 | 2,07,51,098 | |

| | | | | |
|---|---|---|---|---|
| വരവ് | 10,42,22,000 | 6,82,97,575 | | 3,59,24,425 |
| ആകെ | 10,83,28,283 | 9,31,54,956 | | 1,51,73,327 |
| ചെലവ് | 10,71,30,000 | 6,21,73,198 | | 4,49,56,802 |
| നീക്കിയിരിപ്പ് | 11,98,283 | 3,09,81,758 | 2,97,83,475 | |

മുൻവർഷ വരവുചെലവുകളെ വിലയിരുത്തി യാഥാർത്ഥ്യബോധത്തോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക 05.06.2017ൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 12.06.17 | സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,48,57,381 |
| വരവ് | 6,82,97,575 |
| ആകെ | 9,31,54,956 |
| ചെലവ് | 6,21,73,198 |
| നീക്കിയിരിപ്പ് | 3,09,81,758 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ്/ബജറ്റ് അലോക്കേഷൻ | ആകെ | ചെലവ് | നീക്കിയിരിപ്പ്/ സറണ്ടർ ചെയ്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,75,14,683 | 1,75,14,683 | 1,39,15,364 | 35,99,319 | |
| വികസനഫണ്ട് എസ്.സി.പി. | 0 | 44,87,871 | 44,87,871 | 32,59,980 | 12,27,891 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 7,49,655 | 7,49,655 | 0 | 7,49,655 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 64,01,199 | 64,01,199 | 38,73,092 | 25,28,107 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 52,61,472 | 52,61,472 | 32,98,905 | 19,62,567 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 98,22,375 | 98,22,375 | 54,83,651 | 43,38,724 | |
| പെർഫോമൻസ് ഗ്രാന്റ് | 0 | 37,93,690 | 37,93,690 | 8,58,690 | 29,35,000 | |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.ജി.എസ്.ഡി.പി (സ്റ്റേറ്റ്) | | 1351943 | 1351943 | -- | 1351943 | |
| എം.ജി.എൻ.ആർ.ഇ. ജി.എസ്. | 3,141 | 1,34,91,105 | 1,34,94,246 | 1,34,85,788 | 8,458 | |

## 1-6 വാർഷികപദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | | 61 | | 89 | 65 | 28 |

ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷികപദ്ധതിക്ക് 25.7.16-ലെ 1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്തുകമ്മിറ്റിയുടെ അംഗീകാരവും 490/16/DPC/DPO/8.9.16 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരവും ലഭിച്ചു. വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റേയും യോഗംചേരൽ, ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീരിക്കൽ, വികസനസെമിനാർ എന്നിങ്ങനെ സർക്കാർ ഉത്തരവുപ്രകാരമുള്ള പ്രാഥമിക നടപടിക്രമങ്ങളിലൂടെയാണ് 16-17-ലെ വാർഷികപദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിച്ച് ഗ്രാമസഭാനിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ 2016-17 വർഷത്തെ കരട് പദ്ധതിരേഖ 25-6-16-ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു.(തീരുമാനം നം.I(1) )

ജി.ഒ.(എം.എസ്) 4/2016 ത.സ്വ.ഭ.വ./11.1.16 പ്രകാരം പരിഷ്കരിച്ച പദ്ധതി മാർഗ്ഗരേഖയിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ പാലിച്ചാണ് പന്ത്രണ്ടാം പഞ്ചവൽസരപദ്ധതിയുടെ അവസാനവർഷമായ 2016-17-ലെ പദ്ധതിരൂപീകരണം നടത്തിയിട്ടുള്ളതെങ്കിലും നിർവ്വഹണ നടപടിക്രമങ്ങളിലും ഫയലുകളുടെ സൂക്ഷിപ്പിലും അപാകതകൾ ഉണ്ടായിട്ടുണ്ട്. സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 215 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 150 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കുകയുണ്ടായി .

2016-17 വാർഷിക പദ്ധതിയുടെ രൂപീകരണഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 30.01.2016 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 18.2.16 മുതൽ 28.2.16 തീയതികളിൽ |
| വികലാംഗ ഗ്രാമസഭ | 17.02.16 |
| ഊരുകൂട്ടയോഗം | 14.02.16 |
| വികസനസെമിനാർ | 08.07.16 |
| ഗുണഭോക്തൃ ഗ്രാമസഭകൾ | 25.09.16 മുതൽ 16.10.16വരെ |

| | |
|---|---|
| പദ്ധതി അംഗീകാരം | 24.09.16 ലെ I(5)നം തീരുമാനം |

വാർഷികപദ്ധതിയുടെ നേട്ടങ്ങൾ

സേവനമേഖലയിൽ പാലിയേറ്റീവ് പരിചരണപദ്ധതിക്കായി വികസനഫണ്ടും തനതുഫണ്ടും ഉൾപ്പെടെ 5 ലക്ഷത്തിൽപ്പരം രൂപ തൻവർഷം ചെലവഴിക്കാനയതും വ്യക്തിഗത ആനുകൂല്യങ്ങൾക്കായി ആവിഷ്കരിച്ച പ്രോജക്ടുകൾ പരമാവധി നടപ്പാക്കിയതും വാർഷികപദ്ധതിയുടെ നേട്ടമായി വിലയിരുത്താവുന്നതാണ്. വിദ്യാഭ്യാസമേഖലയിൽ സർക്കാർ/എയിഡഡ് മേഖലയിലെ സ്കൂളുകളുടെ ഭൗതീകസാഹചര്യം വർദ്ധിപ്പിക്കുന്നതിനും പൊതുവിദ്യാലയ സംരക്ഷണത്തിന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ള പ്രീപ്രൈമറി വിഭാഗത്തിനുവേണ്ടിയും പ്രോജക്ടുകൾ ആവിഷ്കരിച്ച നടപ്പാക്കിയിട്ടുണ്ട്. തൻവർഷത്തെ പദ്ധതിയിൽപ്പെടുത്തി 2 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചു. പശ്ചാത്തലമേഖലയിൽ കോൺക്രീറ്റിംഗ്, ടാറിംഗ്/റീടാറിംഗിനായുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് റോഡുകൾ ഗതാഗതയോഗ്യമാക്കി.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 70,80,209 | 1,12,62,265 | +4182056 |
| നികുതിയേതര വരവുകൾ | 1,34,02,231 | 1,47,59,957 | -1357726 |
| ആകെ | 2,04,82,440 | 2,60,22,222 | -2824330 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 75,240 | 46 |
| കർഷകതൊഴിലാളി പെൻഷൻ | 1,31,55,960 | 884 |
| വിധവാ പെൻഷൻ | 28,46,335 | 264 |
| വാർദ്ധക്യകാല പെൻഷൻ | 81,53,320 | 891 |
| വികലാംഗ പെൻഷൻ | 3,10,96,010 | 1689 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 5,10,000 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.6.17-ാം തീയതി 2.45 p.m ന് സെക്രട്ടറി ശ്രീ.അഗസ്റ്റിൻ കെ.ജോർജിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,43,090/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ആഭ്യന്തരനിയന്ത്രണം പൂർണമായും ഫലപ്രദമായിരുന്നില്ല എന്ന് കാണുന്നു. പ്രധാന

വരുമാനമായ വസ്തുനികുതി കുടിശിക നിലനില്ക്കുന്നതിൽ നിന്ന് നികുതിപിരിവ് കാര്യക്ഷമമായിരുന്നില്ല എന്ന് വ്യക്തമാകുന്നു.

കെട്ടിടവാടക, തൊഴിൽനികുതി, ലൈസൻസ് എന്നിവയിലെയും തുകകളുടെ പിരിവ് കാര്യക്ഷമമല്ല. കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സൂക്ഷിപ്പ്, സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് എന്നിവ സംബന്ധിച്ച് കൃത്യമായ മാർഗനിർദേശമുണ്ടെങ്കിലും പാലിച്ചിട്ടില്ല.

വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ച നിരവധി പ്രോജക്ടുകൾ നടപ്പിലാക്കുകയുണ്ടായില്ല എന്നത് പദ്ധതി നിർവഹണത്തിലെ പോരായ്മയാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.5.2017 | 4/2017 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.8.2008 മുതൽ 18.8.2008 വരെ | 1997-98 മുതൽ 2007-08 വരെ | LBA(HQ)71/8എ.1325/204 തീയതി 26.4.2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികകളുടെ പരിശോധനയും സാമ്പത്തിക വിശകലനവും

ഓഡിറ്റിനായി സമർപ്പിച്ച പനച്ചിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായ റസീപ്റ്റ്സ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വർഷാരംഭ മുൻബാക്കി 2,48,57,381 രൂപയും തൻവർഷ വരവ് 6,82,97,575 രൂപയും തൻവർഷത്തെ ചെലവ് 6,21,73,198 രൂപയും വർഷാവസാന ബാക്കി 3,09,81,758 രൂപയുമാണ് (ഇതിൽ 1,38,858 രൂപ പണമായുള്ള നീക്കിയിരിപ്പും 3,08,42,900 രൂപ വിവിധ അക്കൗണ്ടുകളിലെ നീക്കിയിരുപ്പുമാണ്). തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരുമാനം 12,89,45,204 രൂപയും തൻവർഷ ചെലവ് 12,23,90,004 രൂപയും പ്രവർത്തനമിച്ചം (Surplus) 65,55,200 രൂപയുമാണ്. 31.3.2017 പ്രകാരമുള്ള ബാലൻസ് ഷീറ്റ് പ്രതിഫലിപ്പിക്കുന്ന ആസ്തി മൂല്യം 10,52,10,931 രൂപയും പഞ്ചായത്ത് ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 6,42,59,137 രൂപയും അന്നേ തീയതി പ്രകാരമുള്ള ജനറൽ ഫണ്ട് പൊസിഷൻ 4,09,51,794 രൂപയുമാണ്.

2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ ഓഡിറ്റിൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 26.07.2011 ലെ ജി.ഒ(എം.എസ്)152/11/എൽ.എസ്.ജി.ഡി ഉത്തരവിലെ നിർദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തുന്ന നടപടി പൂർത്തിയായിട്ടില്ല.

2. ഡി& ഒ ട്രേഡ് ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപനങ്ങളുടെ തൊഴിൽനികുതി, വസ്തുനികുതി മുതലായവയുടെ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇവയുടെ കൃത്യത വ്യക്തമല്ല.

3. ഡി&ഒ ട്രേഡ് ലൈസൻസ് ഫീസ് കുടിശ്ശികയായി രേഖപ്പെടുത്തിയിരിക്കുന്ന 40,520 രൂപയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

4. ബി-9 ഷെഡ്യൂളിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും ഈയിനത്തിൽ അടവാക്കിയ തുകയും തമ്മിലുള്ള 15,666 രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

5. ബി-9 ഷെഡ്യൂളിൽ കെ.എസ്.എഫ്.ഇ.ക്കുള്ള റിക്കവറി ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും ഈയിനത്തിൽ അടവാക്കിയ തുകയും തമ്മിലുള്ള 17,500 രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

6. ബി-8 ഷെഡ്യൂളിൽ ഉൾപ്പെട്ട ഡെപ്പോസിറ്റ് വർക്ക് എന്ന ഇനത്തിലുൾപ്പെട്ട തുകയുടെ കൃത്യത വ്യക്തമല്ല.

7. ബി-9 ഷെഡ്യൂളിൽ 350300199 എന്ന ഹെഡിൽ ബാദ്ധ്യതയായി തുടരുന്ന 53,215 രൂപ ഏതിനത്തിലുള്ളതാണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

8. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈയിനത്തിലുള്ള തുകയുടെ കൃത്യത വ്യക്തമല്ല.

9. വാർഷിക ധനകാര്യപത്രികയിന്മേലുള്ള കുറിപ്പുകളിലൂടെ അക്കൗണ്ടിംഗിന് അടിസ്ഥാനമാക്കിയ അക്കൗണ്ടിംഗ് തത്വങ്ങളും രീതികളും വിശദീകരിക്കുകയോ സ്ഥിരീകരിക്കാത്ത സ്റ്റേറ്റ്മെന്റുകളുടേയും തുകകളുടേയും വിവരം

വെളിപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## 2-2-1 ജീവനക്കാരുടെ തൊഴിൽ നികുതി/സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല

താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തികവർഷം ജീവനക്കാരുടെ തൊഴിൽനികുതി/സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ലായെന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ തൊഴിൽനികുതി/സ്ഥാപന തൊഴിൽനികുതി | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| 1 | അപരാജിത ഡൈനമിക് സിനർജീസ് പ്രൈ.ലി. | സ്ഥാപനതൊഴിൽനികുതി | ഒന്നും,രണ്ടും അർദ്ധവർഷങ്ങൾ |
| 2 | പൂജാ ഇൻഡസ്ട്രീസ് | സ്ഥാപനതൊഴിൽനികുതി | രണ്ടാം അർദ്ധവർഷം |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ്, പൂവൻതുരുത്ത് | സ്ഥാപനതൊഴിൽനികുതി | ഒന്നും,രണ്ടും അർദ്ധവർഷങ്ങൾ |
| 4 | ടി വി എസ് & സൺസ്, ചാന്നാനിക്കാട് | സ്ഥാപനതൊഴിൽനികുതി | രണ്ടാം അർദ്ധവർഷം |
| 5 | പുരുഷൻ വൈദ്യർ ഹെർബൽ ഹെറിറ്റേജ്, പരുത്തുംപാറ | സ്ഥാപനതൊഴിൽനികുതി | രണ്ടാം അർദ്ധവർഷം |
| 6 | അഗസ്ത്യൻസ് ഹെർബൽസ്, പരുത്തുംപാറ | സ്ഥാപനതൊഴിൽനികുതി | രണ്ടാം അർദ്ധവർഷം |
| 7 | കോർപ്പറേഷൻ ബാങ്ക്, കൊല്ലാട് | സ്ഥാപനതൊഴിൽനികുതി | ഒന്നും,രണ്ടും അർദ്ധവർഷങ്ങൾ |
| 8 | ജെ എം കെ ഫൈനാൻസ് ലി., പരുത്തുംപാറ | സ്ഥാപനതൊഴിൽനികുതി/ജീവനക്കാരുടെ തൊഴിൽനികുതി | രണ്ടാം അർദ്ധവർഷം |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/ 9.6.17) ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി/ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി. സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി/ സ്ഥാപനതൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2-2 പനച്ചിക്കാട് റീജിയണൽ സർവ്വീസ് സഹകരണബാങ്കിന്റെ എല്ലാ ശാഖകളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന പനച്ചിക്കാട് റീജിയണൽ സർവ്വീസ് സഹകരണബാങ്കിന് പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ പരുത്തുംപാറ, പാറക്കുളം, ചാന്നാനിക്കാട്, പള്ളിക്കവല, പാത്താമുട്ടം എന്നീ സ്ഥലങ്ങളിലായി അഞ്ചു ശാഖകൾ ഉണ്ട്. എന്നാൽ പരുത്തുംപാറ ശാഖയുടെ സ്ഥാപനതൊഴിൽനികുതി മാത്രമാണ് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളത് എന്ന് തൊഴിൽനികുതി സംബന്ധമായ രേഖകളും, രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/9.6.17) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പനച്ചിക്കാട് റീജിയണൽ സർവ്വീസ് സഹകരണബാങ്കിന്റെ എല്ലാ ശാഖകളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ്- ലൈസൻസ് അപേക്ഷയോടൊപ്പം രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്നു ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ പേര്/കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | മോഹൻദാസ് എം.എസ്., 21/842A | വേമ്പനാട് കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് | 16 |
| 2 | മോഹൻദാസ് എം.എസ്., 21/842 | വേമ്പനാട് കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് | 16 |
| 3 | മോഹൻദാസ് എം.എസ്., 21/842B | വേമ്പനാട് കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് | 16 |
| 4 | റ്റോം മാത്യു IX/360A | വിശേഷ് ആയുർവ്വേദ് ഇന്ത്യ പ്രൈ.ലി. | 15 |
| 5 | പി.ഐ.മാത്യു VIII/31 | ഗബ്രിയേൽ എന്റർപ്രൈസസ് (പെട്രോൾ പമ്പ്) | 04 |
| 6 | ബോസ്കോ ഡി XIX/548 | അലിൻഡ് അലുമിനിയം ട്രേഡേഴ്സ് | 6 |
| 7 | മോഹൻദാസ് എം.എസ്., XVIII/521 | അഗ്രി ബയോകെയർ | 10 |
| 8 | മോഹൻദാസ് എം.എസ്., XVIII/521A | അഗ്രി ബയോകെയർ | 10 |
| 9 | മോഹൻദാസ് എം.എസ്., XVIII/522 | അഗ്രി ബയോകെയർ | 10 |
| 10 | കെ.എ.നൗഷാദ്, VI/180A | കിഴക്കേതിൽ സ്റ്റീൽസ് പ്രൈ.ലി. | 22 |
| 11 | അന്ന ജേക്കബ് , IV/561 | നാനോടെക് പ്രിന്റിംഗ് ഇങ്ക്സ് ലി. | 09 |

| | | | |
|---|---|---|---|
| 12 | കുര്യൻ ഏബ്രഹാം, VI/185 | മൗണ്ട് സഹിയ | 20 |
| 13 | ബി.മോഹൻദാസ്, XXI/735 | ഓറിയന്റൽ മാനർ മിൽസ് | 12 |
| 14 | വിവിഷ് തോമസ്, XVIII/360A | വീസ്കോ ബിൽഡിംഗ് മെറ്റീരിയൽസ് | 10 |
| 15 | ബെന്നി ഏബ്രഹാം, XIV 490B | എവറസ്റ്റ് ലാഡ്ജേഴ്സ് | 08 |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/9.6.17) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി ഡി & ഒ ലൈസൻസ് അപേക്ഷകളോടൊപ്പം സമർപ്പിച്ചിട്ടുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4-1 അർഹതയില്ലാത്തവർക്ക് വസ്തുനികുതി ഇളവു നൽകി

സർക്കാർ കത്ത് നം.4559/എൻ/2/06/തസ്വഭവ/15.7.06 പ്രകാരം വിമുക്തഭടൻമാർക്ക് നൽകുന്ന ആനുകൂല്യം പാരാമിലിട്ടറി വിഭാഗത്തിൽ നിന്നും വിരമിച്ചവർക്ക് ബാധകമല്ല. എന്നാൽ ചുവടെപ്പറയുന്ന വ്യക്തികളെ വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| വാർഡ് നം./<br>വീട്ടു നം. | ഉടമസ്ഥന്റെ പേര് | വിഭാഗം |
|---|---|---|
| Xx/471 | പൊന്നമ്മ പി.പി.<br>w/o എ.ജി.ഹരിദാസ്<br>പ്ലാത്താനത്ത് വീട് | ആസ്സാം റൈഫിൾസ് |
| Xxi / 421 | സന്ധ്യ വിജികുമാർ<br>w/o റ്റി.എസ്.വിജികുമാർ<br>കൃഷ്ണകൃപ | BSF |
| VI/563 | സണ്ണി ജോസഫ്<br>വലിയപറമ്പിൽ ഹൗസ് | BSF |
| XII/51 | മോളി മാത്യു<br>w/o എം.കെ.മാത്യുക്കുട്ടി | ആസ്സാം റൈഫിൾസ് |

ടി വ്യക്തികളെ വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(എൻക്വയറി നം.19) മറുപടി ലഭിച്ചില്ല. ടി വ്യക്തികൾക്ക് വസ്തുനികുതി ചുമത്തി കുടിശ്ശിക ഉൾപ്പെടെയുള്ള തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4-2 സർക്കാർ ഉത്തരവിൽ അനുവദിച്ചതിലുമധികം തറവിസ്തീർണ്ണം ഉള്ള കെട്ടിടത്തിന്റെ വസ്തുനികുതി ഒഴിവാക്കി നൽകി

ജി.ഒ(എം.എസ്)242/2013തസ്വഭവ 2.7.13 ഉത്തരവു പ്രകാരം തറ വിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്ത വീടിനു മാത്രമേ വിമുക്ത ഭടൻമാരുടെ വീടിനു നൽകുന്ന ഇളവു അനുവദിക്കാൻ പാടുള്ളൂ. എന്നാൽ വിമുക്ത ഭടനായ VI/221 ൽ താമസിക്കുന്ന പി.എം.സുകുമാരൻനായർ, ലക്ഷ്മിഭവനം എന്നയാളെ വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതായി രജിസ്റ്റർ പരിശോധനയിൽ കാണപ്പെട്ടു. ടിയാന്റെ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 2665 ചതുരശ്ര അടിയാണ്. ടിയാളെ വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം-23) മറുപടി ലഭ്യമാക്കിയില്ല. ടിയാൾക്ക് വസ്തുനികുതി ചുമത്തി കുടിശ്ശിക ഉൾപ്പെടെയുള്ള തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4-3 കെട്ടിടങ്ങളെ വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി

ആരാധനാലയങ്ങളുടെ പേരിൽ ചുവടെപ്പറയുന്ന കെട്ടിടങ്ങളെ വസ്തുനികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കിയതായി സഞ്ചയ മോഡ്യൂൾ പരിശോധിച്ചതിൽ നിന്നും കാണപ്പെട്ടു.

| വാർഡ് നം/കെട്ടിട നം. | കെട്ടിടത്തിന്റെ വിവരം | തറവിസ്തീർണ്ണം |
|---|---|---|
| VI/520 | SNDP ശാഖായോഗം | 100ച.മീ |
| X/487 | സെന്റ് മേരീസ് ചർച്ച് ഹാൾ | 250ച.മീ |
| XIII/146 | സ്ലീബാ ചർച്ച് ഹാൾ | 140ച.മീ |
| XIII/252 | സി.എസ്.ഐ പള്ളി ഹാൾ | 80ച.മീ |
| XIV/385A<br>386 | കുഴിമറ്റം ചർച്ച് | 50ച.മീ<br>150ച.മീ |
| XVI/363<br>364 | ഉമാമഹേശ്വര ക്ഷേത്രം | 15ച.മീ<br>50ച.മീ |
| XVII/450<br>453 | ന്യൂ ഇൻഡ്യ ചർച്ച് ഓഫ് ഗോഡ് | 100ച.മീ<br>61ച.മീ |
| XI/572<br>573A | കരിമ്പിൻകാലാ ചർച്ച് | 150ച.മീ<br>150ച.മീ |
| IX/411,415,<br>416,418,419 | പനച്ചിക്കാട് ക്ഷേത്രം വക കെട്ടിടം | |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖാമൂലം മറുപടി ലഭ്യമാക്കുന്നതിന് എൻക്വയറി (നം.13) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കേണ്ടതും ആരാധനാലയം മാത്രം ഒഴിവാക്കി (1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207(എ)പ്രകാരം) നികുതി ചുമത്തേണ്ട കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-5 വാടക - കുടിശ്ശിക ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ കൊടുത്തിട്ടുള്ള വാടകക്കാർ വാടകയിൽ കുടിശ്ശിക വരുത്തിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട മുറി നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | വാടക കുടിശ്ശിക |
|---|---|---|---|---|
| 1 | V | സെക്രട്ടറി, വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 348 /- | 9/16 - 3/17<br>ആകെ-2576/-രൂപ |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/9.6.17) ലഭ്യമാക്കിയ മറുപടിയിൽ വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. വാടക കുടിശ്ശിക നിലനിൽക്കെ 2016-17 സാമ്പത്തികവർഷവും സെക്രട്ടറി, വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് മുറി വാടകക്കു നൽകി വരുന്നതായി കാണുന്നു. വാടക കുടിശ്ശിക നിയമാനുസൃത പിഴ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-6 ഇ-ടെൻഡർ- ടെൻഡർഫീ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല

2016-17 വർഷം പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ ടെൻഡർ ഫീസിനത്തിലുള്ള തുകയും ഇ.എം.ഡി തുകയും സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ഓൺലൈനായി ക്രഡിറ്റ് ചെയ്യപ്പെടുകയാണുണ്ടായത്. വാർഷികകണക്ക് പരിശോധിച്ചതിൽ, ഇപ്രകാരം ലഭിച്ച ടെൻഡർ ഫീ ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായതായി കാണുന്നില്ല. തൻവർഷം നടപ്പാക്കിയ ഇ-ടെൻഡർ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ട് അടങ്കൽ | ലഭിച്ച ടെൻഡറുകൾ (എണ്ണം) | ടെണ്ടർഫീസ് | ഇ.എം.ഡി |
|---|---|---|---|---|
| 2288/17 ശ്മശാനം നിർമ്മിക്കൽ | 2000000/- | 2 | 5250/- | 50000/- |
| 234/17-127-ാം നമ്പർ അങ്കണവാടി നിർമ്മാണം | 6500000/- | 1 | 1450/- | 16900 |
| 2233/17-140-ാം നമ്പർ അങ്കണവാടി നിർമ്മാണം | 6500000/- | 1 | 1450/- | 16900/- |
| 201/17- പഞ്ചായത്ത് ഹാൾ നവീകരണം | 1550000/- | 4 | 1x5250<br>3x2630 | 1x37000<br>3x38800 |

മേൽ പറഞ്ഞ നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർഫീസ് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം:22) തുക തിരികെ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. ഡിവിഷൻ, കോട്ടയത്തിന് നൽകിയ കത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 പരസ്യനികുതി-ബൈലോ തയ്യാറാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിട്ടുള്ള പരസ്യങ്ങളിൻമേൽ നികുതി പിരിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിനുണ്ട്. ബൈലോ തയ്യാറാക്കി പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതാണെന്ന് വകുപ്പ്209(ഡി)-യിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തു പ്രദേശത്ത് വിവിധ സ്ഥാപനങ്ങളുടെ നിരവധി പരസ്യബോർഡുകൾ പ്രദർശിപ്പിച്ചുകാണുന്നുണ്ടെങ്കിലും പരസ്യനികുതിയിനത്തിൽ പഞ്ചായത്തിന് വരവൊന്നും ലഭിക്കുന്നില്ല. 16.8.2016-ലെ പഞ്ചായത്തുകമ്മിറ്റിയിൽ ബൈലോ തയ്യാറാക്കുന്നതിനുള്ള തീരുമാനമെടുത്തിരുന്നുവെങ്കിലും (തീരുമാനം നം.VIII) നാളിതുവരെ ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 18.5.2005-ലെ സി(5)-15253/04 നമ്പർ ഉത്തരവുപ്രകാരം പരസ്യനികുതി ഈടാക്കുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. നിയമത്തിലേയും സർക്കാർ ഉത്തരവിലേയും വ്യവസ്ഥകളുടെയും പഞ്ചായത്തുകമ്മിറ്റിയുടെ 16.8.16-ലെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അടിയന്തിരമായി ആരംഭിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല

2016-17 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധനയിൽ ജീവനക്കാർക്ക് നൽകിയ ഫെസ്റ്റിവൽ അഡ്വാൻസ് തുക തിരികെ ഈടാക്കാൻ അവശേഷിക്കുന്നതായി കാണപ്പെട്ടു. ശ്രീ.ബാബു എം.കെ., അസിസ്റ്റന്റ് സെക്രട്ടറിക്ക് അഡ്വാൻസ് ഇനത്തിൽ നൽകിയ 15,000 രൂപയിൽ 3,000 രൂപ ഈടാക്കാൻ അവശേഷിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.6) തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. ആയത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 സബ്സിഡി തുക അധികം നൽകി

5,000 രൂപ
ബിൽ നം.12/16-17/28.2.17
വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കിണറിന് ചുറ്റമതിൽ നിർമ്മാണം എന്ന പ്രോജക്റ്റിനായി 2,30,000 രൂപ വകയിരുത്തിയിരുന്നതിൽ (പ്ലാൻ ഫണ്ട്-50000, തനതുഫണ്ട്-1,80,000) 1,00,000/- രൂപ (പ്ലാൻ ഫണ്ട്-50,000, തനതുഫണ്ട്-50,000 ചെലവഴിച്ചു. ആനുകൂല്യം നൽകിയ ഗുണഭോക്താക്കളിൽ V-ാം വാർഡിൽ താമസിക്കുന്ന ലീലാമ്മ, കൊല്ലംപറമ്പിൽ എന്നയാളിന് പ്ലാൻ ഫണ്ടിൽ നിന്നും തനതുഫണ്ടിൽ നിന്നും 5,000 രൂപ വീതം ആകെ 10,000 രൂപ നൽകിയിട്ടുണ്ട്. ജി.ഒ.(എം.എസ്)4/16 തസ്വഭവ 11.1.16 പ്രകാരം ടി പ്രോജക്റ്റിനായി സബ്സിഡി ഇനത്തിൽ നൽകാവുന്ന തുക 5,000 രൂപ മാത്രമാണ്. അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം.6) മറുപടി ലഭിച്ചില്ല. സബ്സിഡി അധികമായി നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഗുണഭോക്താവിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 ടാർവില - മാർക്കറ്റ് നിരക്കിലധികരിച്ച് ബി.പി.സി.എൽ കൈപ്പറ്റിയിട്ടുള്ള 40,258/- രൂപ തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2016-17-ലെ വാർഷികപദ്ധതിയിൽ ഉൾപ്പെട്ട റോഡ് ടാറിംഗ് വേലകൾക്കാവശ്യമായ ടാർ വാങ്ങുന്നതിനായി ഓരോ പ്രവൃത്തികളുടേയും എസ്റ്റിമേറ്റനുസരിച്ചുള്ള ടാറിന്റെ വില കണക്കാക്കി വിവിധ ബില്ലുകൾ പ്രകാരം ട്രഷറിയിൽനിന്നും പിൻവലിച്ച് സെക്രട്ടറിയുടെ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. ഇതിൽനിന്നും ബി.പി.സി.എൽ-ന്റെ 16.3.17ലെ ഇൻവോയ്സുകൾ പ്രകാരമുള്ള തുകയായ 8,53,081/-രൂപ (ബിൽനമ്പർ-21700042/20.4.17 ) സ്ഥാപനത്തിന് അനുവദിച്ചുനൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് തീയതി | ടാർ തരം | അളവ് | നിരക്ക്/കി.ഗ്രാം | ആകെ വില |
|---|---|---|---|---|
| 16.03.17 | വി.ജി- 30(പാക്ക്ഡ്) | 143 ബാരൽ | 5140.64+5%വാറ്റ് | 7,71,867/- |
| ,, | എമൽഷൻ-ആർ എസ്-1 | 12 ബാരൽ | 6445.57+5%വാറ്റ് | 61,214/- |
| ആകെ | | | | 8,53,081/- |

എന്നാൽ ബി.പി.സി.എൽ-ന്റെ ബില്ലുകൾ പ്രകാരം ടാറിന്റെ യഥാർത്ഥവില ചുവടെ ചേർക്കുംപ്രകാരം 8,12,823/-രൂപ മാത്രമാണ്.

| ഇൻവോയ്സ് നമ്പർ | ടാറിന്റെ തരം | അളവ് | നിരക്ക്/കി.ഗ്രാം | ആകെവില |
|---|---|---|---|---|
| 6300017203/17.5.17 | വി.ജി.-30(പാക്ക്ഡ്) | 23 ബാരൽ | 4904.12+245.20 | 118434/- |
| 6300016244/15.5.17 | ,, | 60 ബാരൽ | 4832.98+241.64 | 304478/- |
| 6300014949/11.5.17 | ,, | 60 ബാരൽ | ,, | 304478/- |
| 63000172404/17.5.17 | എമൽഷൻ-ആർ.എസ്-1 | 13 ബാരൽ | 6258.84+312.94 | 85433/- |
| ആകെ | | | | 8,12,823/- |

അധികമായി നൽകിയിട്ടുള്ള തുക തിരികെ ഈടാക്കിയതിന്റേയും ലഭ്യമായ ടാർ വിതരണം ചെയ്തതിന്റേയും വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം.22 തീയതി : 13.6.17) ബി.പി.സി.എൽ.ന് അധികമായി നൽകിയിട്ടുള്ള തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയും ടാറിന്റെ റിക്വയർമെന്റ്/ഇഷ്യൂ സംബന്ധിച്ച് ഫയൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.
ടാർ വിലയിനത്തിൽ അധികമായി ബി.പി.സി.എൽ-ന്റെ കൈവശം അവശേഷിക്കുന്ന 40,258/- രൂപ തിരികെ ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതും ടാറിന്റെ സ്റ്റോക്ക്/ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 3-4 എസ്.സി വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് ലാപ്ടോപ്പ് വാങ്ങൽ- ലാപ്ടോപ്പുകൾ പൂർണമായും വിതരണം ചെയ്തില്ല

പ്രോജക്ട് നം.എസ് 137/17

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- 4,50,000/-രൂപ(4,49,871/- രൂപ (വികസനഫണ്ട് എസ്.സി.പി )+ 129/-രൂപ(തനത് ഫണ്ട് ))

ചെലവ്-3,87,000/- രൂപ(ബിൽ നം.23/17 തീ.31.03.2017)

2016-17 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം ടെൻഡർ നിർവ്വഹണരീതി അവലംബിച്ച് ടോട്ടൽ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് 18 ലാപ് ടോപ്പുകൾ ലഭ്യമാക്കുന്നതിന് സപ്ലൈ ഓർഡർ നൽകുകയും സ്ഥാപനം 18 ലാപ്ടോപ്പുകൾ സപ്ലൈ ചെയ്യുകയും ചെയ്തു. ഇതിൽ അഞ്ച് ലാപ്ടോപ്പുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ അവശേഷിക്കുന്നു. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.14) മറുപടിയിൽ വിദ്യാർത്ഥികൾ സ്ഥലത്തില്ലാത്തതിനാലാണ് അഞ്ച് ലാപ് ടോപ്പുകൾ വിതരണം ചെയ്യാത്തതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അഞ്ച് ലാപ്ടോപ്പുകൾ വിതരണം ചെയ്ത് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 3-5 സ്വയം തൊഴിൽ ചെയ്യാൻ ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി -വാഹനം വാങ്ങിയതിന്റെ രേഖയില്ല

പ്രോജക്ട് നം.എസ് 156/17
നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ-3,00,000/-രൂപ (2,75,000 /- (വികസനഫണ്ട് എസ്.സി.പി)+ 25,000(തനത് ഫണ്ട് ))
ചെലവ്- 2,50,000/-(ബിൽ നം.12/17 തീ.24.03.2017, .1,00,000/- രൂപ,ബിൽ നം. 19/17 തീ. 30.03.2017,.1,00,000/- രൂപ, ബിൽ നം. 22/17 തീ. 31.03.2017, 50,000/- രൂപ )
പ്രോജക്ട് പ്രകാരം അഞ്ച് ഗുണഭോക്താക്കൾക്ക് 50,000/- രൂപ വീതം ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1.വിനോദ് എം.
2.ലെതീഷ് കുമാർ വി.കെ.
3.രാജേഷ് എം.
4.അശോകൻ കെ.സി.
5.അഭിലാഷ് കെ.വി.

ക്രമനമ്പർ ഒന്ന് പ്രകാരമുള്ള ഗുണഭോക്താവ് വാഹനം വാങ്ങിയതിന്റെ രേഖകൾ മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. ബാക്കി നാല് പേരുടെയും വാഹനം വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.12) മറുപടിയിൽ വാഹനത്തിന്റെ ആർ.സി ബുക്ക് ലഭിക്കുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. രേഖകൾ ലഭ്യമാക്കാത്തതിനാൽ നാല് പേർക്ക് നൽകിയ സബ് സിഡി തുകയായ 2,00,000/-രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ

എച്ച്.എം.ഗവ.യു.പി.സ്കൂൾ നിർവ്വഹണോദ്യോഗസ്ഥയായി 2016-17 വർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| 1)പ്രോ.നം | 197/17 |
| പ്രോജക്ട് | ശിശുസൗഹാർദ്ദ ക്ലാസ്സ്റൂം |
| ചെലവ് | 333000/- |
| ബിൽനം. | 3/30-3-17 |

എ) ശിശുസൗഹാർദ്ദ ക്ലാസ്സ്റൂം എന്ന പ്രോജക്ടിലൂടെ നടപ്പാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ, പ്രോജക്ടിന്റെ ലക്ഷ്യം എന്നിവ വ്യക്തമാക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പ്രോജക്ട് രൂപീകരണഫോറത്തിൽ (ഫോറം-2) മേശകളും കസേരകളും 90 എണ്ണം വീതം വാങ്ങുന്നതിനും ആയതിന്റെ മതിപ്പുചെലവും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ബി) ടെൻഡർ/ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സി) ടെൻഡർ അംഗീകരിച്ച തമ്പുരാൻകാലായിൽ ട്രെയ്ഡ് ലിങ്ക്സ്, പത്തനംതിട്ട എന്ന സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല.

ഡി) സ്ഥാപനം ടെൻഡർഫോറവില, സെക്യൂരിറ്റി നിക്ഷേപം, ഇ.എം.ഡി എന്നിവ അടവാക്കിയിട്ടില്ല. സ്ഥാപനം ജില്ലാവ്യവസായകേന്ദ്രത്തിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നുള്ള ജില്ലാവ്യവസായകേന്ദ്രം, കോഴഞ്ചേരി ജനറൽമാനേജരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് സ്ഥാപനത്തിന് ടെൻഡർഫീ, ഇ.എം.ഡി, സെക്യൂരിറ്റി നിക്ഷേപം എന്നിവ ഒഴിവാക്കി നൽകിയിട്ടുള്ളത്. ഇവ അടവാക്കുന്നതിൽനിന്നും സ്ഥാപനത്തെ ഒഴിവാക്കിക്കൊണ്ടുള്ള സ്റ്റോർപർച്ചേയ്സ് വകുപ്പിന്റെയോ ഇതര സർക്കാർ ഉത്തരവുകളോ ഹാജരാക്കാതെ ടെൻഡർഫീ, ഇ.എം.ഡി മുതലായവ ഒഴിവാക്കിയത് നൽകിയത് ക്രമപ്രകാരമല്ല.

2)

| | |
|---|---|
| പ്രോജക്ട് നം. | 150/17 |
| പ്രോജക്ട് | സ്കൂളുകൾക്ക് മിക്സി വാങ്ങൽ |
| ചെലവ് | 31000/- |
| ബിൽ നം. | 4/30.3.17 |

എ) പർച്ചേയ്സിന്റെ ഭാഗമായി ടെൻഡർ/ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല.

ബി) ക്വട്ടേഷൻ അംഗീകരിച്ച തമ്പുരാൻകാലായിൽ ട്രെയ്ഡ് ലിങ്ക്സ് പത്തനംതിട്ട എന്ന സ്ഥാപനവുമായി കരാർ വെച്ചിട്ടുണ്ടെങ്കിലും കരാർ തീയതി, കരാർ വ്യവസ്ഥകൾ എന്നിവ രേഖപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥ ഒപ്പ് വെച്ചിട്ടില്ല.

സി) ഒന്നിന് 4,300/-രൂപ നിരക്കിൽ ആകെ 7 മിക്സികൾക്കുള്ള തുക 31,000/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ലഭ്യമാക്കിയ ഫയൽ പ്രകാരം 6 സ്കൂളുകൾ മാത്രമേ മിക്സികൾ കൈപ്പറ്റിയിട്ടുള്ളൂ.

ഡി) സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖ ഫയലിൽ ലഭ്യമല്ല.

3)

| | |
|---|---|
| പ്രോജക്ട് നം | 148/17 |
| പ്രോജക്ട് | -പ്രീപ്രൈമറി അധ്യാപകർ / ആയമാർക്ക് ശമ്പളം |
| ചെലവ് | 246000/-(തനതുഫണ്ട്) |
| ബിൽ/ചെക്ക് നമ്പർ | 51600676/29.11.16 - 144000/--<br>51600963/10.2.16- 102000/- |

എ) പഞ്ചായത്തിന്റെ വരവ്-ചെലവുപത്രിക പ്രകാരം മേൽ പ്രോജക്ടിനായി ആകെ 2,46,000/-രൂപയാണ് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആകെ 1,44,000/-രൂപയുടെ ചെലവിനാധാരമായ രേഖകൾ മാത്രമേ ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ.

ബി)പഞ്ചായത്തുപരിധിയിൽ സർക്കാർമേഖലയിലെ യു.പി/എൽ.പി. സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീപ്രൈമറി സ്കൂളുകളിലെ അധ്യാപിക/ആയമാർക്കുള്ള വേതനമിനത്തിലാണ് തുക ചെലവഴിച്ചിട്ടുള്ളത് എന്നിരിക്കെ ഇവരുടെ നിയമനം, ശമ്പളമിനത്തിൽ അനുവദിക്കേണ്ട തുക എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനവും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

4)

| | |
|---|---|
| പ്രോ.നം | 216/17- |
| പ്രോജക്ട് | പ്രീപ്രൈമറി കുട്ടികൾക്ക് ഉച്ചഭക്ഷണം |

| | |
|---|---|
| ചെലവ്- | 60000/-(തനതുഫണ്ട്) |
| ചെക്ക്/ബിൽ നമ്പർ | 51601179/28.3.17 |

എ) പ്രോജക്ടിന്റെ ഭാഗമായി വിവിധ സ്കൂളുകളിലെ പ്രീപ്രൈമറി കുട്ടികൾക്ക് ഭക്ഷണവിതരണത്തിനായി 60,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവിനാധാരമായി ഓരോ സ്കൂളുകളുടേയും റിക്വിസിഷനനുസരിച്ചുള്ള ചെലവ് എസ്റ്റിമേറ്റ്, വാങ്ങിയ സാധനങ്ങളുടെ ഇനം തിരിച്ചുള്ള ലിസ്റ്റ്, പർച്ചേയ്സ് ബില്ലുകൾ, അനുവദിച്ച തുക എന്നിവ പൂർണ്ണമായും കൃത്യമായും ഫയലിൽ ലഭ്യമായിട്ടില്ല.

ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി.നം.8)മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-7 ആശ്രയപദ്ധതി- 40,000/-രൂപയുടെ ചലഞ്ച്ഫണ്ട് വിഹിതം അഞ്ച് വർഷമായി തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ആശ്രയ പദ്ധതിനടത്തിപ്പിനായി കുടുംബശ്രീമിഷനിൽ നിന്നും 2012-13 വർഷം ലഭിച്ച 5,28,000/-രൂപയിൽ (ഡി.ഡി.നം-473497/27.10.12) 40,000/-രൂപ നാളിതുവരെ വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഗുണഭോക്താക്കളുടെ ചികിത്സാചെലവിനുവേണ്ടിയുള്ള പ്രസ്തുത തുക വിനിയോഗിക്കുന്നതിന് മെഡിക്കൽ ഓഫീസർ വിസമ്മതിച്ചതിനാൽ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ള പ്രകാരം ചെലവഴിക്കുന്നതിന് കുടുംബശ്രീ സി.ഡി.എസ്-ന് കൈമാറേണ്ടതും വിനിയോഗവിവരം അറിയിക്കേണ്ടതുമാണെന്ന് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ തുക വിനിയോഗിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ആശ്രയപദ്ധതിക്കായി പ്രസ്തുത തുക വിനിയോഗിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതും വിനിയോഗിക്കാത്തപക്ഷം കുടുംബശ്രീമിഷന് തുക തിരിച്ചു നൽകേണ്ടതുമാണ്.

## 3-8 മരാമത്ത് പ്രവൃത്തികൾക്കുള്ള ടാർ വാങ്ങൽ - സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല

തദ്ദേശസ്വയംഭരണവകുപ്പിന്റെ 1.3.17-ലെ സ.ഉ.(സാദാ) 564/17 നമ്പർ ഉത്തരവ് പ്രകാരം ഓരോ പ്രവൃത്തിയുടേയും ടാറിന്റെ ആവശ്യവും ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന തുകയും ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ ട്രഷറിയിൽനിന്നും പിൻവലിച്ച് സ്വന്തം സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതും അതിനുശേഷം നിർവ്വഹണോദ്യോഗസ്ഥൻ സെക്രട്ടറിക്ക് തുക നൽകുന്നതിന് സ്വന്തം സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിന്റെ ചെക്ക് നൽകേണ്ടതുമാണ്. സെക്രട്ടറി സ്വന്തം സ്പെഷ്യൽ റ്റി.എസ്.ബി.അക്കൗണ്ടിൽ തുക നിക്ഷേപിച്ചതിനുശേഷം ചെക്ക് ഓയിൽകമ്പനിക്ക് നൽകി ബിറ്റുമിൻ വാങ്ങി കരാറുകാരന് നൽകേണ്ടതാണ്.എന്നാൽ പഞ്ചായത്ത് തൻവർഷം ആവിഷ്കരിച്ച ടാറിംഗ് വേലകൾക്കാവശ്യമായ ടാർ വാങ്ങുന്നതിന് മേൽസർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്ന നടപടിക്രമങ്ങൽ പൂർണ്ണമായും പാലിച്ചിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥൻ ട്രഷറിയിൽനിന്നും സെക്രട്ടറിയുടെ റ്റി.എസ്.ബി.അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർക്രഡിറ്റ് ചെയ്യുകയാണുണ്ടായത്. മരാമത്തുവേലകൾക്കുള്ള ടാർ വാങ്ങലിന് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-9 ആശ്രയ പ്രോജക്ട് - നിർവഹണം നടത്തിയിട്ടില്ല

പ്രോജക്ട് നം.എസ് 160/17

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ-6,50,000 /- രൂപ (വികസനഫണ്ട് ജനറൽ)

ചെലവ്- 6,50,000 /-രൂപ(ബിൽ നം.10/17 തീ.24.03.2017 )

2016-17 വർഷം ആശ്രയ പ്രോജക്ടിനായി വകയിരുത്തിയ 6,50,000/- രൂപ കുടുംബശ്രീയുടെ ആശ്രയ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. നാളിതുവരെ പ്രോജക്ട് നിർവഹണം നടത്തിയിട്ടില്ല. വിശദീകരണം

ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം(11) യുടെ മറുപടിയിൽ ഈ തുകയുപയോഗിച്ച് ആശ്രയ ഒന്നാംഘട്ട തുടർസേവനപദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഒന്നാം ഘട്ട ആശ്രയപദ്ധതിയിൽ ആകെ 105 ഗുണഭോക്താക്കൾക്കായി ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, വസ്തുവാങ്ങൽ എന്നിവയ്ക്ക് വികസനഫണ്ടിനത്തിൽ 7,50,000/-രൂപയും ഭക്ഷണത്തിന് ചലഞ്ച് ഫണ്ടിനത്തിൽ 3,95,008/- രൂപയും ചെലവഴിച്ചിട്ടുണ്ട്. രണ്ടാം ഘട്ട ആശ്രയപദ്ധതിയിൽ ആകെ 103 ഗുണഭോക്താക്കൾക്കായി വികസനഫണ്ടിനത്തിൽ 8,25,000/-രൂപയും ചലഞ്ച് ഫണ്ടിനത്തിൽ 5,26,116/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് നിലവിൽ സേവനങ്ങളൊന്നും നൽകുന്നില്ല. സമ്പൂർണ അഗതി പുനരധിവാസം, അടിസ്ഥാന സൗകര്യങ്ങളും അതിജീവന ആവശ്യങ്ങളും നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അഗതി കുടുംബങ്ങളെ എത്തിക്കുക മുതലായ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. വികസനഫണ്ടിനത്തിൽ ലഭിച്ച തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-10 ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ - പ്രോജക്ട് നടപ്പാക്കിയതിൽ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ നേടുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ, പ്രിന്റർ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിനായി വികസനഫണ്ട് 400000 രൂപ വകയിരുത്തിയതിൽ 194010 രൂപ ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ നം.21601068/16.3.17)ടോട്ടൽ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഇനം | എണ്ണം | തുക | ആകെ |
|---|---|---|---|
| കമ്പ്യൂട്ടർ | 5 | 27,619.05 | 1,38,095.25 |
| മോണിറ്റർ | 5 | 5,000 | 25,000 |
| ലേസർ പ്രിന്റർ | 2 | 10,838.1 | 21,676.2 |
| ആകെ | | | 18,74,771.45 |
| വാറ്റ് 5% | | | 9,238.57 |
| | | | 1,94,010 /- |

മേൽ പ്രോജക്ട് നടപ്പാക്കിയതിൽ ചുവടെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നത് പ്രത്യേക സ്റ്റോക്ക രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.
2. കാഷ് ബിൽ ഹാജരാക്കിയിട്ടില്ല.
3. ഉപകരണങ്ങളുടെ ആവശ്യകതാനിർണ്ണയം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല
4. വാങ്ങിയ ഉപകരണങ്ങൾ ഓഫീസിന്റെ ഏതു പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു എന്നത് വ്യക്തമല്ല.
5. ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ കൺസൾട്ടൻസിയെ നിയമിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല
6. ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ പഞ്ചായത്തിന് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സൂചിപ്പിച്ച നൽകിയ എൻക്വയറിക്ക് (നം.7)മറുപടി ലഭിച്ചില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 1,94,010 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 വിവിധ പ്രോജക്ടുകൾക്കായി ചെലവഴിച്ച രൂപയുടെ ചെലവു വിവരങ്ങൾ ലഭ്യമായിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

തൻവർഷം വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി മറ്റ് നിർവ്വഹണസ്ഥാപനങ്ങൾക്ക്/ഏജൻസികൾക്ക് വാർഷികപദ്ധതിപ്രകാരം വകയിരുത്തിയിരുന്ന തുക കൈമാറി നൽകിയെങ്കിലും തുകയുടെ വിനിയോഗവിവരങ്ങളും പ്രോജക്ടുകളുടെ പൂർത്തീകരണവിവരങ്ങളും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | നിർവ്വഹണ ഏജൻസി | കൈമാറിയ തുക | ബിൽനമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| 132/17-എസ്.എസ്.എ.വിഹിതം അടവാക്കൽ | ജില്ലാ പ്രോജക്റ്റ് ഓഫീസർ, എസ്.എസ്.എ, കോട്ടയം | 6,00,000/ - | 51600773/29.12.16 |
| 186/17-വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | കെ.എസ്.ഇ.ബി | 84,000/- | 21600849/21.1.17 |
| 189/17-വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | ,, | 20,350+<br>7,451<br>58,199<br>--------<br>86,000/- | 21600997/21.2.17<br>21600998/21.2.17<br>21601000/28.2.17 |
| 220/17-വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ രണ്ടാംഘട്ടം | ,, | 18,20,683/-(വി.ഫണ്ട്)<br>9,98,177/-(ധന.ഗ്രാന്റ്)<br>ആകെ-28,18,860/- | 21601090/16.3.17<br>21601069/16.3.17 |
| 217/17-ഐ.എ.വൈ വിഹിതം (എസ്.സി) നൽകൽ | മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 7,00,000/- | 51600999/28.2.17 |
| 131/17-പ്രത്യേക കന്നുകുട്ടിപരിപാലനപദ്ധതി | അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം | 5,31,250/- | 21600862/27.1.17 |

വിനിയോഗരേഖകളുടെ അഭാവത്തിൽ കൈമാറിയ ആകെത്തുകയായ 48,20,110/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവുതുകയുടെ വിനിയോഗവിവരങ്ങളും പ്രവൃത്തി പൂർത്തീകരണസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## 3-12 ജലനിധി -ലഘു അവലോകനം

വരൾച്ചാക്കാലത്ത് നേരിടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് ശാശ്വതപരിഹാരമെന്ന നിലയിൽ ലോകബാങ്കിന്റെ ധനസഹായത്തോടെ കേരളസർക്കാരിനുകീഴിൽ കേരള റൂറൽ വാട്ടർ സപ്ലൈ & സാനിറ്റേഷൻ എജൻസി എന്ന സ്ഥാപനം മുഖേന നടപ്പിലാക്കുന്ന ജലനിധി കുടിവെള്ള പദ്ധതി പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന് അനുവദിച്ചു ലഭിക്കുകയും 2013-14 വർഷം മുതൽ ഈ പദ്ധതി പഞ്ചായത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയും ചെയ്യുന്നു. പദ്ധതിപ്രകാരം പഞ്ചായത്തിലെ 1 മുതൽ 23 വരെയുള്ള വാർഡുകളിലായി രൂപീകരിച്ചിട്ടുള്ള 23 ഗുണഭോക്തൃസമിതികൾ എറ്റെടുത്തിട്ടുള്ള 29 വിവിധ കുടിവെള്ള പദ്ധതികളിലായി ആകെ 2625 കുടുംബങ്ങളാണ് ഗുണഭോക്താക്കളായിട്ടുള്ളത്. 29 ജലനിധി കുടിവെള്ള പദ്ധതികൾക്ക് മാത്രമായി 8.11 രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിരുന്നതിൽ 1.21 കോടി രൂപയുടെ പഞ്ചായത്ത് വിഹിതവും 81.1 ലക്ഷം രൂപയുടെ ഗുണഭോക്തൃവിഹിതവും ഉൾപ്പെടുന്നു. പഞ്ചായത്ത് വിഹിതമായി നാളിതുവരെ 1,19,60,188/-രൂപയും സർക്കാർവിഹിതമായി 5,44,90,165/-രൂപയും ചെലവഴിച്ചിട്ടുണ്ട്.

12-ാം പദ്ധതിക്കാലയളവിലെ വരവ്-ചെലവ് വിവരങ്ങളും നിലവിലെ അവസ്ഥയും

| ക്രമ നം. | ഗുണഭോക്തൃസമിതികൾ | എറ്റെടുത്ത പദ്ധതികളുടെ | പഞ്ചായത്ത് അനുവദിച്ച വിഹിതം | സർക്കാർ അനുവദിച്ച വിഹിതം |
|---|---|---|---|---|
| 1 | പുന്നയ്ക്കൽ കെ.യു. നഗർ ശുദ്ധജലവിതരണപദ്ധതി | പുന്നയ്ക്കൽ കെ.യു നഗർ ജലവിതരണപദ്ധതി | 1,88,382 | 9,66,654 |
| 2 | നാൽക്കവല ,, | നാൽക്കവല (RWH Tank) | 1,38,673 | 5,87,263 |
| 3 | കൊല്ലാട് ,, | കൊല്ലാട് ജലവിതരണപദ്ധതി | 4,35,342 | 21,47,898 |

| | | | | |
|---|---|---|---|---|
| 4 | മാലമേൽക്കാവ് സുരഭി ,, | മാലമേൽക്കാവ് സുരഭി | 3,72,663 | 16,70,813 |
| 5 | കണിയാമല ,, | കണിയാമല കേന്ദ്ര ജലവിരണപദ്ധതി | 2,53,800 | 15,06,938 |
| 6 | ചാന്നാനിക്കാട് കിഴക്കുംഭാഗം ,, | ചാന്നാനിക്കാട് കിഴക്കുംഭാഗം | 3,01,955 | 14,36,255 |
| 7 | ചോഴിയക്കാട് നീരുപാറ ,, | ചോഴിയക്കാട് നീരുപാറ | 3,53,400 | 17,67,000 |
| | പരുത്തുംപാറ നീർത്തുള്ളി ,, | പരുത്തുംപാറ നീർത്തുള്ളി | 5,37,637 | 17,41,350 |
| 9 | പാച്ചിറ സമൃദ്ധി ,, | പാച്ചിറ സമൃദ്ധി | 4,18,050 | 11,82,000 |
| 10 | പനച്ചിക്കാട് കൈരളി ,, | പനച്ചിക്കാട് കൈരളി | 4,15,530 | 20,77,650 |
| 11 | നെല്ലിക്കൽ ,, | നെല്ലിക്കൽ | 4,30,065 | 22,26,721 |
| 12 | ദക്ഷിണമൂകാംബിക ,, | ദക്ഷിണമൂകാംബിക | 4,15,144 | 20,75,722 |
| 13 | മൗണ്ട് വാലി ,, | മൗണ്ട് വാലി | 3,40,576 | 19,41,226 |
| 14 | വെള്ളിമാൻകുന്ന് ,, | വെള്ളിമാൻകുന്ന് | 2,23,555 | 11,15,718 |
| 15 | വെള്ളൂത്തുരുത്തി ,, | വെള്ളൂത്തുരുത്തി | 3,93,213 | 21,15,718 |
| 16 | പാറക്കുളം പടിയാറ ,, | പാറക്കുളം പടിയാറ | 7,33,735 | 36,62,675 |
| 17 | വിളക്കാംകുന്ന് കുഴിമറ്റം ,, | വിളക്കാകുന്ന്- കുഴിമറ്റം | 7,76,567 | 28,57,838 |
| 18 | മാളികക്കടവ് സ്നഹാ ,, | മാളികക്കടവ് സ്നേഹാ | 3,79,738 | 20,91,188 |
| 19 | നവധാരാ ശാക്തീകരണപരിപാടി | നവധാരാ ജലവിതരണപദ്ധതി | 4,26,645 | 2,13,322 |
| 20 | കുഴിമറ്റം വടക്കുംഭാഗം ശുദ്ധജലവിതരണപദ്ധതി | കുഴിമറ്റം വടക്കുംഭാഗം ,, | 3,68,135 | 20,04,487 |
| 21 | പാറപ്പുറം ,, | പാറപ്പുറം ,, | 4,80,368 | 24,04,487 |
| 22 | ആനക്കുളം ,, | ആനക്കുളം ,, | 6,36,362 | 28,09,392 |
| 23 | ചാന്നാനിക്കാട് ,, | ചാന്നാനിക്കാട് ,, | 5,02,995 | 24,96,600 |
| 24 | ചാന്നാനിക്കാട് കിഴക്ക് ചാരിറ്റബിൾ സൊസൈറ്റി | ചാന്നാനിക്കാട് കിഴക്ക് ,, | 2,16,457 | 10,82,271 |
| 25 | അമ്പിക ശുദ്ധജലവിതരണപദ്ധതി | അമ്പിക ,, | 4,96,733 | 28,10,725 |
| 26 | പ്ലാമൂട് ,, | പ്ലാമൂട് ,, | 5,14,720 | 16,98,600 |
| 27 | പൂവൻതുരുത്ത് എസ്.എൽ.ഇ.സി | പൂവൻതുരുത്ത് ,, | 4,82,648 | 20,83,658 |

| | | | | |
|---|---|---|---|---|
| 28 | കടുവാക്കലം--ചെറുപുഷ്പം എസ്.എൽ.ഇ.സി | കടുവാക്കുളം ചെറുപുഷ്പം ,, | 4,05,840 | 20,83,658 |
| 29 | തോപ്പിക്കുളം ജലധി | തോപ്പിക്കുളം ജലധി ,, | 3,21,260 | 13,83,450 |
| | | | 1,19,60,188 | 5,64,90,165 |

മേൽപ്പറഞ്ഞ 29 ഗുണഭോക്തൃസമിതികൾ ഏറ്റെടുത്ത പദ്ധതികളിൽ 27 പദ്ധതികളും പൂർത്തീകരിച്ചിട്ടുള്ളതും 2 പദ്ധതികൾ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലുമാണ്. പന്ത്രണ്ടാം പദ്ധതിക്കാലയളവിനുള്ളിൽത്തന്നെ ജലനിധിപദ്ധതി പ്രകാരം എറ്റെടുത്ത കുടിവെള്ളപദ്ധതികൾ പൂർത്തീകരിക്കാനായതും പ്രവർത്തനമാരംഭിച്ചതും തൻവർഷമുണ്ടായ കടുത്ത വരൾച്ചയെ നേരിടുന്നതിനും ജലക്ഷാമം പരിഹരിക്കുന്നതിനും വളരെയധികം സഹായകമായിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഈയിനത്തിൽ തുക വിനിയോഗിച്ചിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക്നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ വലിക്കൽ(പ്രോജക്ട് നം.186/16-17) | 51401011<br>51600853 | 2,98,320 | ഇല്ല | 2,98,320 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ(പ്രോജക്ട് നം.189/16-17) | 51601006<br>51601003<br>51601004 | 86,000 | ഇല്ല | 86,000 |
| | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ(രണ്ടാം ഘട്ടം) (പ്രോജക്ട് നം.222/16-17) | 51601091 | 1,59,658 | ഇല്ല | 1,59,658 |
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ(പ്രോജക്ട് നം.220/16-17) | 51601073 | 18,20,683 | ഇല്ല | 18,20,683 |
| കേരളാ വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ(പ്രോജക്ട് നം.223/16-17) | 51601083<br>51601082 | 5,03,000 | ഇല്ല | 5,03,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഈയിനത്തിൽ തൻവർഷം വരവോ ചെലവോ ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഈയിനത്തിൽ തൻവർഷം തുകയൊന്നും നിക്ഷേപിച്ചിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,31,54,956(മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,21,73,198 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 52,14,120 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 5,000 | ശ്രീമതി സനമകുമാരി ടി.എസ്., വി.ഇ.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 2,00,000 | ശ്രീമതി അനിത എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 1,94,010 | ശ്രീ.അഗസ്റ്റിൻ കെ.ജോർജ്ജ്, സെക്രട്ടറി |
| 3-12 | 48,20,110 | |
| ആകെ | 52,14,120 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സന്തമകുമാരി ടി.എസ്., വി.ഇ.ഒ | വി.ഇ.ഒ, കൊല്ലാട് | സുരേഷ്ഭവൻ, കുഴിമറ്റം, കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98ചെലവ് | എൽ.എഫ്.കെ.പി11/692/അദാ./14 /28.11.14 | 5 | |
| 1997-98 വരവ് | എൽ.എഫ്.കെ.പി 6/771/08/7.8.10 | | |
| 1998-99 (വരവ്) | എൽ.എഫ്.കെ.പി 6/772/07/19.8.10 | | |
| 98-99(ചെലവ്) | എൽ.എഫ്.കെ.പി11/692/അദാ./14/7.1.15 | 18 | |
| 1999-2000 | എൽ.എഫ്.കെ.പി 6/1292/07/21.1.08 | | |
| 2000-01,01-02(പ്ലാൻ) | എൽ.എഫ്.കെ.പി11/421/10/19.6.12 | | |
| 2000-01 | എൽ.എഫ്.കെ.പി 6/773/08/30.3.10 | | |
| 2001-02 | എൽ.എഫ്.കെ.പി 11/692/14/13.3.15 | 4 | |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി 11/485/15/2.7.15 | 4 | |
| 2002-03(വരവ്) | എൽ.എഫ്.കെ.പി 6/774/08/30.3.10 | | |
| 2003-04 ചെലവ് | എൽ.എഫ്.കെ.പി 6/676/07/6.11.07 | | |
| 2003-04 വരവ് | എൽ.എഫ്.കെ.പി 6/422/10/17.8.10 | | |
| 2004-05 | എൽ.എഫ്.കെ.പി 6/820/09/9.8.12 | 6 | |
| 2006-07 | എൽ.എഫ്.കെ.പി 6/974/10/2.6.12 | | |
| 2007-08 | എൽ.എഫ്.കെ.പി11/1384/11/7.11.12 | 18 | |
| 2008-09 | എൽ.എഫ്.കെ.പി11/1389/11/3.11.12 | 15 | |
| 2009-10 & 2010-11 | എൽ.എഫ്.കെ.പി11/933/13/9.5.13 | 19 | |
| 2011-12 | എൽ.എഫ്.കെ.പി11/1076/14/8.10.14 | 24 | |
| 2012-13 | എൽ.എഫ്.കെ.പി11/324/15/18.4.15 | 25 | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.11-512/16 /10.5.16 | 8 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.11-856/16 /27.6.16 | 30 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി- | | |

| | | | |
|---|---|---|---|
| | 11.6.2017/21.01.17 | | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി.12/993/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 12.07.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ വിശദീകരിക്കുന്ന അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ

വാർഷികധനകാര്യപത്രിക പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷങ്ങളിലെ വരവ്-ചെലവുകണക്കുളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു.ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം